2024 DECEMBER
02
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരളത്തിൽ 4 ജില്ലകളിൽ റെഡ് അലർട്ട്

# മലവെള്ളപ്പാച്ചിലിനും മിന്നൽ പ്രളയത്തിനും സാധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കനത്ത മഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ റെഡ് അലർട്ടാണ്. ഫെയ്ഞ്ചൽ ചുഴലിക്കാറ്റിന്റെ സ്വാധീനത്തെ തുടർന്ന് ഈ ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ കേന്ദ്രത്തിന്റെ പ്രവചനം. കുറഞ്ഞ സമയം കൊണ്ട് വലിയ അളവിൽ മഴ ലഭിച്ചേക്കും. മലവെള്ളപ്പാച്ചിലിനും മിന്നൽ പ്രളയത്തിനും സാധ്യത. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായേക്കാം. മലയോര മേഖലകളിൽ കർശന ജാഗ്രതാ നിർദേശമുണ്ട്.

ശബരിമലയിൽ ശനിയാഴ്ച വൈകിട്ട് തുടങ്ങിയ മഴയ്ക്കു നേരിയ ശമനമുണ്ട്. പമ്പയിൽ ഇറങ്ങുന്നതിനു നിരോധനം ഏർപ്പെടുത്തി. കോട്ടയം, വയനാട്, ഇടുക്കി, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് തുടരും.

മധ്യ തെക്കൻ കേരളത്തിലെ മലയോരമേഖകളിൽ ജാഗ്രത വേണം. ഇടിമിന്നലോടു കൂടിയായിരിക്കും മഴ പെയ്യുക.



കോട്ടയം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ വാഗമൺ, ഇല്ലിക്കൽ കല്ല്, മാർമല അരുവി, ഇലവീഴാപൂഞ്ചിറ എന്നിവിടങ്ങളിലേക്കുള്ള പ്രവേശനം ഈ മാസം നാലുവരെ നിരോധിച്ചു.

### കനത്ത മഴ; അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച അവധി

കനത്ത മഴയുടെ പശ്ചാത്തലത്തിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. വയനാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി.



# ഇന്ത്യ എസ്എഡിസി ട്രേഡ് കമ്മിഷന് അബുദാബിയിൽ തുടക്കം

**അബുദാബി:** ഇന്ത്യാ ആഫ്രിക്ക ട്രേഡ് കൗൺസിലിൻറെ ആഭിമുഖ്യത്തിൽ, ഇന്ത്യ എസ്എഡിസി ട്രേഡ് കമ്മിഷന് അബുദാബിയിൽ തുടക്കമായി. അബുദാബിയിലുള്ള സിംബാബ്‌വെയുടെ ഇപ്പോഴത്തെ എസ്എഡിസി അംബാസഡറുടെ സാന്നിധ്യത്തിലാണ് കമ്മിഷന് തുടക്കം കുറിച്ചത്. പ്രമുഖ വ്യവസായി വിജയ് ആനന്ദിനെ എസ്.എ.ഡി.സി രാജ്യങ്ങളായ സിംബാബ്‌വെ, യുഎഇ, ഇന്ത്യ എന്നിവയ്ക്കിടയിലുള്ള വ്യാപാര വികസനത്തിനുള്ള ട്രേഡ് കമ്മിഷണറായും നിയമിച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണ ഉടമ്പടിയുടെ പൂർണ തോതിലുള്ള പ്രയോജനം നേടുന്നതിനും, മികച്ച ബിസിനസ് വളർച്ചയ്ക്കും, നിക്ഷേപ പ്രോത്സാഹനത്തിനും വേണ്ടി ഇന്ത്യയിലെ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ (എസ്.എം .ഇ) നിക്ഷേപക മേഖലയിൽ ബോധവൽക്കരണം നടത്തുക, അനുകൂലമായ ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കുക, എന്നിവ ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ കൗൺസിൽ നടത്തുമെന്ന് ട്രേഡ് കമ്മീഷണർ വിജയ് ആനന്ദ് പറഞ്ഞു.

ഇതോടൊപ്പം യുഎഇയിൽ ഇന്ത്യൻ ഓവർസീസ് ബിസിനസ് കൗൺസിൽ യോഗവും തുടങ്ങി. കമ്മിറ്റിയിലുള്ള പങ്കാളിത്തത്തിനു വിവിധ ബിസിനസുകാർക്കും കമ്പനികളുടെ സിഇഒമാർക്കും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻറെ ഗൾഫ് ഡയറക്ടർ ബെൻസി ജോർജ് പുതിയതായി നിയമിതനായ ട്രേഡ് കമ്മിഷണർ വിജയ് ആനന്ദിനെ അഭിനന്ദിച്ചു.

2024ൽ ഉഭയകക്ഷി വ്യാപാരം 2 ബില്യൺ ഡോളർ കടന്നതോടെ സിംബാബ്‌വെയുമായുള്ള വ്യാപാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെട്ടതായി അബുദാബി സിംബാബ്‌വെ എംബസി പ്രതിനിധി ലവ്മോർ മസെമോ അഭിപ്രായപ്പെട്ടു.

# മെറാൾഡ അന്തർദേശീയ ഔട്ട്‌ലെറ്റ് ദുബായിൽ



**ദുബായ്:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ബ്രാൻഡായ മെറാൾഡയുടെ രണ്ടാമത്തെ അന്താരാഷ്ട്ര ഷോറൂം ദുബായ് അൽ ബർഷയിൽ പ്രവർത്തനം ആരംഭിച്ചു.


ഇന്ത്യൻ അഭിനേത്രിയും മെറാൾഡയുടെ ബ്രാൻഡ് അംബാസഡറുമായ മൃണാൾ താക്കൂർ ഉദ്ഘാടനം ചെയ്തു. മെറാൽഡ ജ്വൽസ് ചെയർമാൻ ജലീൽ എടത്തിൽ, മെറാൾഡ ഇൻറർനാഷണലിൻറെ മാനേജിങ് ഡയറക്ടർ ജസീൽ എടത്തിൽ, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷ്റഫ് അലി എം.എ എന്നിവർ പങ്കെടുത്തു.

ഉപയോക്താക്കൾക്ക് മികച്ച ഗോൾഡ്, ഡയമണ്ട്, പോൾകി ആഭരണങ്ങൾ നൽകുക എന്നതാണ് മെറാൾഡയുടെ പ്രധാന ലക്ഷ്യമെന്ന് അധികൃതർ പറഞ്ഞു.

മെറാൾഡയുടെ ഉദ്ഘാടന ഓഫറുകളിൽ 1.49% വരെ മേക്കിങ് ചാർജിൽ ഇളവ് നൽകുന്നതിനൊപ്പം ഓരോ പർച്ചേസിലും സ്വർണ നാണയങ്ങളും സൗജന്യമായി നൽകുമെന്ന് മാനേജ്മെൻറ് പ്രതിനിധികൾ അറിയിച്ചു.

ഇപ്പോൾ ആഭരണങ്ങൾ വാങ്ങുന്നവർക്ക് കാരറ്റിന് 750 ദിർഹം കുറവിൽ ബി ലവ് ഡയമണ്ട്സും സ്വന്തമാക്കാമെന്ന് .അധികൃതർ വ്യക്തമാക്കി.






ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥകളിലുള്ള കുട്ടികളെയും , അൽഷിമേഴ്സ്,ഡിമെൻഷ്യ ബാധിച്ച മുതിർന്നവരെയും സഹായിക്കാൻ ഡേ ഡ്രീംസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇവരുടെ വിവരങ്ങളടങ്ങിയ ബ്രേസ് ലെറ്റ്, പെൻഡന്റ് എന്നിവ നിർമ്മിച്ച് നൽകുന്ന കവച് പദ്ധതിയുടെ ലോഗോ പ്രകാശനം കലൂർ ഐ.എം.എ ഹൗസിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ നിർവ്വഹിച്ചപ്പോൾ. ഡോ. വിനോദ് സുകുമാരൻ, ഡോ. എം.ആർ ബാലചന്ദ്രൻ നായർ, അഡ്വ. കെ. രാധാകൃഷ്ണൻ, ഡോ. റിജോ മാത്യു, ബിജീഷ് കണ്ണാംകുളത്ത് തുടങ്ങിയവർ സമീപം.

## കവച് പദ്ധതി : ലോഗോ പ്രകാശനം ചെയ്തു; രജിസ്ട്രേഷന് തുടക്കം

# ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ളവരെ ചേർത്തു പിടിക്കണം: ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ

**കൊച്ചി:** ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ള കുട്ടികളെയും അൽഷിമേഴ്സ്, ഡിമെൻഷ്യ ബാധിച്ച മുതിർന്നവരെയും പിന്തുണയ്ക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ പറഞ്ഞു.

ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥകളിലുള്ള കുട്ടികളെയും, അൽഷിമേഴ്സ്,ഡിമെൻഷ്യ ബാധിച്ച മുതിർന്നവരെയും സഹായിക്കാൻ ഡേ ഡ്രീംസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇവരുടെ വിവരങ്ങളടങ്ങിയ ബ്രേസ് ലെറ്റ്, പെൻഡന്റ് എന്നിവ നിർമ്മിച്ച് നൽകുന്ന കവച് പദ്ധതിയുടെ ലോഗോ പ്രകാശനം കലൂർ ഐ.എം.എ ഹൗസിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ളവർ മറ്റുള്ളവരേക്കാൾ കൂടുതൽ കഴിവുകളുള്ളവരാണ്. അതുകൊണ്ടു തന്നെ ഇവരെ ഒരിക്കലും മാറ്റി നിർത്താതെ കൂടുതൽ പരിഗണനയോടെ ചേർത്തു പിടിക്കുകയാണ് വേണ്ടതെന്നും ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ പറഞ്ഞു. കവച് പദ്ധതി ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ള കുട്ടികൾക്ക് വലിയ സഹായമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പദ്ധതി വഴിയുള്ള രജിസ്ട്രേഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ചാപ്റ്റർ ചെയർമാൻ അഡ്വ. കെ. രാധാകൃഷ്ണൻ പറഞ്ഞു. പദ്ധതിയ്ക്ക് ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി എല്ലാ വിധ പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഐ.ആർ.ഇ.എ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. ഗോമതി സുബ്രഹ്മണ്യൻ, പുതിയ പ്രസിഡന്റ് ഡോ. റിജോ മാത്യു, കൊച്ചി ചാപ്റ്റർ പ്രസിഡന്റ് ഡോ. എം.ആർ ബാലചന്ദ്രൻ നായർ, സെക്രട്ടറി ഡോ. വിനോദ് സുകുമാരൻ, ഡോ. അമൽ ആന്റണി, ഡോ.അവനി സ്കന്ദൻ, ഡേ ഡ്രീംസ് മുഖ്യരക്ഷാധികാരി ബിജീഷ് കണ്ണാംകുളത്ത്, ഐ.സി.ആർ.ടി ഫിനാൻസ് കൺട്രോളർ പി. എസ് മഹേഷ്, ഡോ. രമേഷ് ഷേണായ്, അജിത് കുമാർ പട്ടത്ത്, സുജാതാ മേനോൻ,തുടങ്ങിയവർ പങ്കെടുത്തു.

www.yoursdaydreams.com എന്ന വെബ് സൈറ്റ് വഴി ബ്രേസ് ലെറ്റ്, പെൻഡന്റ് എന്നിവയ്ക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സി.ജെ മാത്യു ഐ.ആർ.എസ് ആണ് കവച് പദ്ധതിയുടെ ചെയർമാൻ.

ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി, ജെറിയാട്രിക് സൊസൈറ്റി ഓഫ് ഇന്ത്യകേരള (ഡോക്ടേഴ്സ്) ഇൻഡ്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് അസോസിയേഷൻ കേരള (ഡോക്ടേഴ്സ്), കെ.സി.ബി.സി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 ഇ, അസ്സോസിയേഷൻ ഫോർ ദി ഇന്റലക്ച്വലി ഡിസേബിൾഡ് (എ.ഐ.ഡി), അമ്മ സ്കാൻ സെന്റർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

# സേവനം ഗുണമേന്മയുള്ളതാണെങ്കിലും നിശ്ചിത സമയം കഴിഞ്ഞാൽ അഴിമതി: മന്ത്രി പി.രാജീവ്

**കൊച്ചി;** ഗുണമേന്മയുള്ള സേവനം നിശ്ചിത സമയത്തിനകം നൽകിയില്ലെങ്കിൽ അതും അഴിമതിയുടെ പരിധിയിൽ വരുമെന്നു വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു.സേവനത്തിന്റെ ഗുണമേന്മ അളക്കുന്നത് നിർവ്വഹണത്തിന്റെ സമയം പരിഗണിച്ചാണ്. അതുറപ്പാക്കുന്നതാണ് വിവരാവകാശ നിയമമെന്നും മന്ത്രി പറഞ്ഞു.വിവരാവകാശ കമ്മിഷൻ നിയോജക മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്ന വിവരാവകാശ സെമിനാറുകളുടെ സംസ്ഥാനതല ഉദ്ഘാടനം കുസാറ്റിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി.കൊളോണിയൽ കാലത്താണ് ജനങ്ങളെ സംശയക്കണ്ണോടെ കണ്ടിരുന്നത്. ഉദ്യോഗസ്ഥർ ജനങ്ങളെ വിശ്വാസത്തിലെടുത്ത് പ്രവർത്തിക്കണം. ഏത് നിയമവും ആദ്യം മനസ്സിലാകേണ്ടത് ജനങ്ങൾക്കാണ്. മുന്നിൽ വരുന്ന പ്രശ്നങ്ങളെ മനസിലാക്കി വസ്തുതയെ അടിസ്ഥാനമാക്കി തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയണം. വിവരാവകാശത്തിന്റെ ശരിയായ വിനിയോഗം ജനാധിപത്യം കൂടുതൽ പക്വമായി തീരുന്നു എന്നതിന്റെ തെളിവാണെന്നും മന്ത്രി പറഞ്ഞു.നിയമത്തിന്റെ താല്പര്യങ്ങൾ സമയ ബന്ധിതമായി സംരക്ഷിക്കുന്നതിന് ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന മുഖ്യ വിവരാവകാശ കമ്മിഷണർ വി.ഹരിനായർ പറഞ്ഞു. ഭരണഘടനാ മൂല്യങ്ങളെ ശക്തിപ്പെടുത്താനും സംരക്ഷിക്കാനും ഈ ആർ ടി ഐ അപേക്ഷകൾക്ക് സത്യസന്ധമായി മറുപടി നല്കുന്ന ഉദ്യോഗസ്ഥരെ കമ്മിഷൻ സംരക്ഷിക്കും. ഉദ്യോഗസ്ഥർ ആരുടെയും വഴിച്ചെണ്ടകളെല്ലെന്നും അദ്ദേഹം പറഞ്ഞു. കമ്മിഷണർമാരായ ഡോ.കെ.എം ദിലീപ്,ഡോ.സോണിച്ചൻ പി.ജോസഫ്,അഡ്വ. ടി.കെ. രാമകൃഷ്ണൻ എന്നിവർ സംവാദം നയിച്ചു. സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറി എസ്. സജു, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പിൽ അധികാരികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ഉന്നതവിദ്യാഭ്യാസമേഖലയിൽ സമൂലവുമായ ദിശാമാറ്റം അനിവാര്യം: മന്ത്രി ബിന്ദു

**കൊച്ചി:** ഉന്നതവിദ്യാഭ്യാസമേഖലയിൽ കരിക്കുലം, വിദ്യാഭ്യാസനയങ്ങൾ എന്നിവയുടെ പരിഷ്കരണത്തിന് വിദഗ്ധസമിതികൾ നടത്തുന്ന ഇടപെടലുകളുടെയും നിർദേശങ്ങളുടെയും തുടർച്ചയായി സമഗ്രവും സമൂലവുമായ ദിശാമാറ്റം അനിവാര്യമെന്ന് മന്ത്രി ബിന്ദു പറഞ്ഞു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ കോൺക്ലേവിന്റെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ കമ്മറ്റികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിലും വിദ്യാർത്ഥികളുടെ സംരംഭകത്വ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും ഊന്നൽ നൽകുന്ന തരത്തിൽ വിജ്ഞാനാധിഷ്ഠിതസമൂഹം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഷേപ്പിംഗ് കേരളാസ് ഫ്യൂചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്ജെൻ ഹയർ എജുക്കേഷൻ ജനുവരി 14, 15 തീയതികളിലായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.ആഗോളതലത്തിലുള്ള മാറ്റങ്ങളുടെ ഗതിവേഗം ഉൾക്കൊണ്ട് കൊണ്ട് പ്രഖ്യാപിച്ച രാജ്യാന്തര കോൺക്ലേവ് സർക്കാരിന്റെ വിഷന്റെ കൂടി ഭാഗമാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു. കേരളം ഇനി മസ്തിഷ്കനേട്ടത്തിന്റെയും റിവേഴ്സ് മൈഗ്രേഷന്റെയും കാലഘട്ടമാണ് കാണാൻ പോകുന്നതെന്ന് യോഗത്തിന്റെ മുഖ്യാതിഥിയായ നിയമ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണുന്നത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഗവേഷകരും, അക്കാദമികസമൂഹവും വ്യവസായവും ഒരുമിച്ച് പോകുന്ന ഒരു എക്കോസിസ്റ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ്. മാറ്റങ്ങൾ കൊണ്ടുവരാനുള്ള നയരൂപീകരണത്തിനെ സ്വാധീനിക്കാനും വ്യവസായ, വിദ്യാഭ്യാസ മേഖലകളിൽ മുന്നേറ്റങ്ങൾ കൊണ്ട് റിവേഴ്സ് മൈഗ്രേഷൻ സാധ്യമാക്കാനും ഇതുപോലുള്ള സമ്മേളനങ്ങൾ വലിയ പങ്കു വഹിക്കുമെന്നും മന്ത്രി രാജീവ് പറഞ്ഞു.

നൂതന സമീപനങ്ങൾ ചർച്ച ചെയ്യുന്നതിനും ഗവേഷണ, അക്കാദമിക പ്രവർത്തനങ്ങളിലെ മികവുകൾ പങ്കിടുന്നതിനും ലക്ഷ്യമിടുന്ന കോൺക്ലേവ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികളെയും അവസരങ്ങളെയും അഭിസംബോധന ചെയ്യുന്ന വേദിയാകും. കോൺക്ലേവിന്റെ രണ്ടു ദിവസങ്ങളിലായി കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെക്കുറിച്ചുള്ള ആഗോളവീക്ഷണം, ഗവേഷണമികവ്, സാമ്പത്തിക സുസ്ഥിരത, നിർമിതബുദ്ധി, നയരൂപീകരണത്തിൽ ഗവേഷണങ്ങളുടെ പങ്ക്, തൊഴിൽമേഖല, അധ്യാപനമേഖലയിലെ മാറ്റങ്ങൾ, വിദ്യാർത്ഥി യൂണിയനുകളുടെ പ്രവർത്തനങ്ങൾ എന്നിവ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉണ്ടാക്കുന്ന പ്രതിഫലനത്തെക്കുറിച്ച് പ്ലീനറി സെഷനുകളും പാരലൽ സെഷനുകളും നടക്കും. അന്താരാഷ്ട്ര വിദ്യാഭ്യാസ കോൺക്ലേവിന്റെ വിവിധ പ്രീ കോൺക്ലേവ് ഇവന്റുകൾ കൊച്ചിയിലെ മികവുറ്റ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടത്താനും യോഗത്തിൽ നിർദേശമുയർന്നു.

# വൈ.എം.സി.എ വൈ.ഡബ്ലിയു.സി.എ. എക്യൂമെനിക്കൽ ക്രിസ്മസ് കരോൾ ഡിസംബർ 6 ന്

**കൊച്ചി:** എറണാകുളം വൈ.എം.സി.എ വൈ.ഡബ്ല്യൂ.സി.എയുടെ സംയുക്താഭിമുഖ്യത്തിൽ എക്യൂമെനിക്കൽ ക്രിസ്മസ് കരോൾ ഡിസംബർ 6 ന് വൈകിട്ട് 5.30ന് എറണാകുളം കേരള ഫൈൻ ആർട്ട് സൊസൈറ്റി ഹാളിൽ വച്ച് നടക്കും. അഭിവന്ദ്യ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, നിരണം ഭദ്രാസനം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സെക്രട്ടറി, വിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, ക്രിസ്മസ് സന്ദേശം നൽകും. വൈ.എം.സി.എ വൈ.ഡബ്ല്യൂ.സി.എ. എറണാകുളം, മാർ കൂറിലോസ് ബാവ ക്വയർ, സെൻറ് ആന്റണിസ് ലാറ്റിൻ ക്വയർ പനങ്ങാട്, ജെറുസലേം മാർത്തോമ്മാ ചർച്ച്, എളംകുളം, സെന്റ്. തോമസ് ഇവാൻ ജെലിക്കൽ ചർച്ച്, വൈ.ഡബ്ല്യൂ.യു.സി.എ ജൂനിയർ ഗായകസംഘം, സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച്, എളംകുളം, സെന്റ്. മേരീസ് സൂനോറോ പാട്രിയാർക്കൽ കത്തീഡ്രൽ, എളംകുളം, സെന്റ്. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എറണാകുളം, സെന്റ്. ഗ്രീഗോറിസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് എളംകുളം, സി.എസ്.ഐ. ഇമ്മാനുവൽ കത്തീഡ്രൽ, എറണാകുളം സെന്റ്. ജോർജ് ഓർത്തഡോക്സ് വലിയപള്ളി പാലാരിവട്ടം തുടങ്ങിയ പ്രശസ്ത ക്വയറുകൾ ഈ കരോളിൽ പങ്കെടുക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



ചെങ്ങന്നൂർ റെയിൽവേസ്റ്റേഷനു സമീപം വിശ്വഹിന്ദു പരിഷത്ത് ആരംഭിച്ച അയ്യപ്പസേവാ കേന്ദ്രം വി.എച്ച്.പി ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി കെ. സ്ഥാണുമാലയൻ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. അനിൽ വിളയിൽ, കേശവ രാജു, എം.കെ ദിവാകരൻ, കെ.കൃഷ്ണൻ കുട്ടി, വിജി തമ്പി, വി.ആർ രാജശേഖരൻ, സ്വാമി സദ്സ്വരൂപാനന്ദ സരസ്വതി തുടങ്ങിയവർ സമീപം

# അനുഷ്ഠാനങ്ങൾ മുറുകെ പിടിച്ചുള്ള തീർത്ഥാടം ഹൈന്ദവസംസ്കൃതിയുടെ ഭാഗം

**ചെങ്ങന്നൂർ:** വ്രതത്തോടെ അനുഷ്ഠാനങ്ങൾ മുറുകെ പിടിച്ചുള്ള തീർത്ഥാടനയാത്രകൾ എക്കാലവും ഹൈന്ദവസംസ്കൃതിയുടെ ഭാഗമാണെന്ന് വിശ്വഹിന്ദുപരിഷത്ത് ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി ജി. സ്ഥാണുമാലയൻ. 'അയ്യപ്പ ഭക്തർക്കായി ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷന് പടിഞ്ഞാറുഭാഗത്ത് വിഎച്ച്പി ആരംഭിച്ച അയ്യപ്പ സേവാകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ക്ഷേത്രങ്ങൾക്കും ഓരോ അനുഷ്ഠാനങ്ങളുണ്ട്. അവയറിഞ്ഞാണ് തീർത്ഥ യാത്രകൾ നടക്കുന്നത്. അമർനാഥിലേക്കും തിരുപ്പതിയിലേക്കും പഴനിയിലേക്കും കാശിയിലേക്കും കന്യാകുമാരിയിലേക്കും ആചാരപരമായാണ് തീർത്ഥയാത്രകൾ നടത്തുന്നത്. ശബരിമലയിലെ അനുഷ്ഠാനങ്ങൾ മനസിലാക്കിയും വ്രതം നോറ്റുമാണ് രാജ്യത്തിന്റെ നാനാഭാഗത്ത് നിന്നും തീർഥാടകർ എത്തുന്നത്. ഭഗവാന്റെ ഇച്ഛയുള്ളത് കൊണ്ടാണ് ഭക്തർക്കായി പൂർത്തീകരിച്ച് സമർപ്പിച്ചിരിക്കുന്ന സേവാകേന്ദ്രം പ്രതിസന്ധികളെ അതിജീവിച്ച് യാഥാർഥ്യമായിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.സമാജത്തിൽ ഏകതയും സമരസതയും സൃഷ്ടിക്കലാണ് ഭാരതീയ പാരമ്പര്യമെന്നും കേരളത്തിൽ സമരസതയ്ക്കുള്ള മൗലികമായ ഏകബിംബം അയ്യപ്പനാണെന്നും ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തിയ മാർഗദർശക് മണ്ഡലം ജനറൽ സെക്രട്ടറി സ്വാമി സദ് സ്വരൂപാനന്ദസരസ്വതി പറഞ്ഞു.

രാജ്യത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിൽ സേവാകേന്ദ്രത്തിന്റെ ഖ്യാതി എത്തിച്ചേരുമെന്ന് ക്ഷേത്രീയ സംഘടനാ സെക്രട്ടറി കേശവരാജു പറഞ്ഞു. തീർഥാടകലക്ഷങ്ങളെ അപമാനിക്കുന്ന നടപടികളിൽ നിന്നും സംസ്ഥാന സർക്കാർ പിന്തിരിഞ്ഞില്ലെങ്കിൽ ശക്തമായ പ്രതികരണം ഹിന്ദുസമൂഹത്തിൽ നിന്നും ഉണ്ടാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

വിഎച്ച്പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി അദ്ധ്യക്ഷത വഹിച്ചു.സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജശേഖരൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി എം.കെ. ദിവാകരൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഡ്വ.അനിൽവിളയിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ, അയ്യപ്പസേവാസമാജം സംസ്ഥാന സംഘടനാ സെക്രട്ടറി കെ.കൃഷ്ണൻകുട്ടി, ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന സെക്രട്ടറി വി.കെ. ചന്ദ്രൻ,മാതൃശത്തി സംസ്ഥാന സംയോജിക മിനി ഹരികുമാർ, അബിനു സുരേഷ്, ശ്രീകുമാർ വയലിൽ, വി. അനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു. ഭജനമണ്ഡപം, ആബുലൻസ് സർവീസ്, അന്നദാനമണ്ഡപം, ഗോശാല എന്നിവയുടെ സമർപ്പണവും ചടങ്ങിൽ നടന്നു. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന് തൊട്ടുപടിഞ്ഞാറു ഭാഗത്തായി വിഎച്ച്പി വാങ്ങിയ 40 സെന്റ് സ്ഥലത്താണ് അയ്യപ്പ സേവാ കേന്ദ്രം തുറന്നിരിക്കുന്നത്.

5000 ചതുരശ്രയടി വിസ്തീർണത്തിൽ ഒരേസമയം 500 അയ്യപ്പഭക്തന്മാർക്ക് വിരി വെക്കാനും പ്രതിദിനം 5000 അയ്യപ്പഭക്തന്മാർക്ക് അന്നദാനത്തിനും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുമുള്ള സൗകര്യമുണ്ട്.

മണ്ഡലം മകരവിളക്കിനു ശേഷം മാസപൂജാസമയങ്ങളിലും കേന്ദ്രം അയ്യപ്പഭക്തർക്കായി പ്രവർത്തിക്കും

# കേരള കത്തോലിക്കാസഭ ബൈബിൾ പാരായണ മാസം ആചരിക്കുന്നു

**കൊച്ചി:** വചനം മാംസമായ ക്രിസ്തുമസിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം ബൈബിൾ പാരായണമാസമായി കേരളകത്തോലിക്കാസഭ ആചരിക്കുന്നു. ദൈവചിന്തയും, ദൈവീകനന്മയും സ്നേഹവും നിറഞ്ഞ കുറേക്കൂടി നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനു വേണ്ടിയാണ് ഡിസംബർമാസം മുഴുവനും ബൈബിൾ പാരായണമാസമായി കേരളസഭ ആചരിക്കുന്നത്. അക്ഷരമായ വചനത്തിന്റെ പാരായണത്തിലൂടെ വചനം മാംസമായി മനുഷ്യാവതാരം ചെയ്ത് മനുഷ്യനോടുകൂടെയായിരിക്കുന്ന ദൈവത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും വരാപ്പുഴ അതിരൂപത തൈക്കൂടം, സെന്റ് റാഫേൽസ് ഇടവകയുടേയും സംയുക്ത ആഭിമുഖ്യത്തിൽ വചനപാരായണമാസ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ആന്റണി വാലുങ്കൽനിർവഹിക്കും. 25 ദിവസം നീണ്ടുനില്ക്കുന്ന ബൈബിൾ പാരായണം ഇരിങ്ങാലക്കുട രൂപതയിലെ തുറവൻകുന്ന് ഇടവകയിൽ കെ.സി.ബി.സി. വൈസ് ചെയർമാൻ ബിഷപ്പ് പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്യും. ബൈബിൾ ഞായറായ ഡിസംബർ 22ന് എല്ലാ രൂപതകളിലും വിവിധങ്ങളായ ബൈബിൾ സംബന്ധിയായ ആഘോഷങ്ങൾ നടക്കും.

പാരായണമാസത്തിന്റെ സമാപനം ആഗോള സഭയിലെ 2025 ജൂബിലി വർഷത്തിന്റെ ഉദ്ഘാടന ദിവസമായ ഡിസംബർ 29ന് നടത്തപ്പെടും.




# യുവതലമുറ ജംഗ് ഫുഡ്സിന് പിന്നാലെ; ബോധവത്കരണം അനിവാര്യം: പ്രശാന്ത് പരമേശ്വരൻ

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ ഇൻസ്പെയർ സീരീസിൽ സോൾഫുൾ, ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ് പ്രസിഡൻറ് പ്രശാന്ത് പരമേശ്വരൻ പ്രഭാഷണം നടത്തി. റീഡിഫൈനിംഗ് നരിഷ്മെന്റ്: മേക്കിങ് ഏൻഷ്യന്റ് ഗ്രെയ്ൻസ് റെലൈവൻറ് ഫോർ ട്വന്റിഫസ്റ്റ് സെഞ്ചുറി എന്ന വിഷയത്തിലാണ് പ്രഭാഷണം സംഘടിപ്പിച്ചത്. പരമ്പരാഗത പോഷകാഹാരങ്ങൾ വീണ്ടും ഭക്ഷണക്രമത്തിലേക്ക് മടങ്ങി വരികയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ധാന്യങ്ങളുടെയും പോഷകാഹാരങ്ങളുടെയും ഗുണഫലങ്ങൾ കുറിച്ച് ഇപ്പോൾ എല്ലാവരും ബോധവാന്മാരാണ്. ജനങ്ങളുടെ വിശ്വാസ്യത നേടിയ ബ്രാൻഡുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന പല ധാന്യവർഗങ്ങളും യു എൻ പോലും അംഗീകരിച്ചിട്ടുണ്ട്. ജംഗ് ഫുഡ്സിന് പിന്നാലെയാണ് യുവതലമുറ. കൂടുതൽ ബോധവത്കരണം അനിവാര്യമാണ്. ഇതിനായി ശക്തമായ പ്ലാറ്റ്ഫോം ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മികച്ച ഗുണനിലവാരും പോഷകാംശവും അടങ്ങിയിട്ടുള്ള ഭക്ഷണം ശീലമാക്കാം ഉപഭോക്താക്കളെ പ്രേരിപ്പിക്കണം. ഭക്ഷ്യ മേഖലയിലെ ഓരോ ബ്രാൻഡും ഇതിനായി പരിശ്രമിക്കണം. വിലയുടെ പേരിൽ കടുത്ത മത്സരം നടക്കുന്നുണ്ട്. 5,10,15 രൂപയുടെ പായ്ക്കറ്റ് ഉത്പന്നങ്ങൾക്കാണ് ഏറെ പ്രിയം. വിപണിയിലെ മത്സരം ഗുണമേന്മയെ ബാധിക്കാൻ പാടില്ല. ഭക്ഷണ ശീലങ്ങൾ മാറ്റിയാൽ ജീവിതശൈലീ രോഗങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനം നേടാൻ കഴിയുമെന്ന്എം പ്രശാന്ത് പരമേശ്വരൻ ചൂണ്ടിക്കാട്ടി. കെ എം എ പ്രസിഡൻറ് ബിബു പുന്നൂരാൻ അധ്യക്ഷതെ വഹിച്ചു. കെ എം എ വൈസ് പ്രസിഡണ്ട് അൾജിയേഴ്സ് ഖാലിദ്, ജോ. സെക്രറ്ററി അനിൽ വർമ്മ എന്നിവർ സംസാരിച്ചു.




# നിലമ്പൂർ പാട്ടടിയന്തിരം ചിരന്തന സംസ്കൃതി; ഡോക്യുമെന്ററി പ്രകാശനം ചെയ്തു

**കൊച്ചി :** വിശ്വപ്രസിദ്ധമായ നിലമ്പൂർ പാട്ടിനെ ആസ്പദമാക്കി ആപ്തഭാരതി ഫൗണ്ടേഷൻ നിർമ്മിച്ച നിലമ്പൂർ പാട്ടടിയന്തിരം ചിരന്തന സംസ്കൃതി എന്ന ഡോക്യുമെൻററിയുടെ പ്രകാശനവും യൂട്യൂബ് റിലീസും കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ കൊച്ചി ചാവറ കൾച്ചറൽ സെൻററിൽ നിർവ്വഹിച്ചു.

ഫാദർ അനിൽ ഫിലിപ്പ്, അഡ്വ.സുകന്യ ദേവൻ തുടങ്ങിയവർ പങ്കെടുത്തു.സനു സത്യൻ രചനയും സംവിധാനവും നിർവ്വഹിച്ച ഈ ഡോക്യുമെൻററിയുടെ നിർമ്മാണ നിർവ്വഹണം ടി പി വിവേകും രമേഷ് കൃഷ്ണനുമാണ് ചെയ്യുന്നത്. ചിത്രസംയോജനം അനീഷ് സ്വാതി, ഛായാഗ്രഹണം സാജൻ ചന്ദ്രബാലൻ, ജിതേഷ് ദാമോദർ എന്നിവരുമാണ് നിർവ്വഹിച്ചത്. സനു സ്വരലയ പശ്ചാത്തല സംഗീതം നല്കി. ഡോക്യുമെന്ററി ആപ്തഭാരതിയുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




**അമൃത ഹെൽത്ത് ക്യാമ്പസിൽ ഐ എസ് എസ് സി പി അന്താരാഷ്ട്ര കോൺഫറൻസ് ഉദ്ഘാടനം ജനീവ സർവകലാശാല ആശുപത്രിയിലെ ക്ലിനിക്കൽ ഫാർമക്കോളജി ആൻഡ് ടോക്സികോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. യൂസഫ് ഡാലി നിർവഹിക്കുന്നു.**

# അമൃതയിൽ ഫാർമകോജീനോമിക്സ് ഉച്ചകോടി സമാപിച്ചു

**കൊച്ചി :** അന്താരാഷ്ട്ര തലത്തിലെ ആരോഗ്യ രംഗത്തെ വിദഗ്ധർ പങ്കെടുത്ത ഉച്ചകോടിയിൽ ആരോഗ്യ മേഖല കൈവരിച്ച മുന്നേറ്റങ്ങൾ അടുത്തറിയാൻ കാൻസർ ഹൃദ്രോഗ ചികിൽസാ മേഖലയിലെ ഡോക്ടർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെടെ നിരവധി പേരാണ് കൊച്ചി അമൃത ഹെൽത്ത് കെയർ ക്യാമ്പസിൽ എത്തിയത്.

ജീനുകൾ മരുന്നുകളോട് നടത്തുന്ന പ്രതികരണം ആരോഗ്യ രംഗത്തുള്ളവർക്ക് അടുത്തറിയാനുള്ള അവസരമാണ് ഇൻഡോ സ്വിസ് ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഫാർമകോജീനോമിക്സ് ഒരുക്കിയത്. കൊച്ചി അമൃത ഹെൽത്ത് ക്യാമ്പസിൽ വ്യാഴാഴ്ച ആരംഭിച്ച കോൺഫറൻസിൽ ലോകാരോഗ്യ രംഗത്തെ വിദഗ്ദർ പങ്കെടുത്തു. ജനീവ സർവകലാശാല, ജിപ്മർ എന്നിവയുടെ സഹകരണത്തോടെ അമൃത സ്കൂൾ ഓഫ് ഫാർമസിയും അമൃത സ്കൂൾ ഓഫ് നാനോ സയൻസ്& മോളിക്യുലാർ മെഡിസിനും സംയുക്തമായാണ് ഐ എസ് എസ് സി പി അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിച്ചത്. മരുന്നുകളോട് ജീനുകൾ നടത്തുന്ന പ്രതികരണം ഓരോ വ്യക്തിയിലും വ്യത്യസ്തമാണ്. ഇത് അടുത്തറിയാനുതകുന്ന ഫാർമകോജീനോമിക്സ് ഹൃദ്രോഗ കാൻസർ ചികിൽസാ രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കുമെന്ന് കോൺഫറൻസിൽ പങ്കെടുക്കാൻ എത്തിയ വിദഗ്ധർ വിലയിരുത്തി.

കൊച്ചി അമൃത ഹെൽത്ത് ക്യാമ്പസിൽ വെച്ച് നടന്ന ത്രിദിന ഉച്ചകോടിയുടെ ഉദ്ഘാടനം ജനീവ സർവകലാശാല ആശുപത്രിയിലെ ക്ലിനിക്കൽ ഫാർമക്കോളജി ആൻഡ് ടോക്സികോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. യൂസഫ് ഡാലി നിർവഹിച്ചു. അമൃത വിശ്വവിദ്യാപീഠം ഡീൻ ഡോ. ശാന്തികുമാർ വി നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അമൃത സ്കൂൾ ഓഫ് ഫാർമസി, ഫാർമസി പ്രാക്ടീസ് വിഭാഗം മേധാവി പ്രൊഫസർ ഡോ. നർമദ എംപി ചടങ്ങിൽ സ്വാഗതമാശംസിച്ചു. ജിപ്മർ മെഡിക്കൽ ഓങ്കോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. ഉപ്പുഗുണ്ടുരി സത്യനാരായണ ചക്രധാരറാവു, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഉച്ചകോടിയുടെ ഭാഗമായി വിവിധ വിഷയങ്ങളിലായി സംഘടിപ്പിച്ച മൂന്ന് ശില്പശാലകളിലും നിരവധിപേർ പങ്കെടുത്തു.

# അയ്യപ്പദർശനത്തിനു കൂടുതൽ സമയം: സന്നിധാനത്ത് ഏപ്രിലിൽ പുതിയ ദർശന രീതി പരീക്ഷിക്കും

**ശബരിമല :** കൂടുതൽ സമയം ലഭിക്കത്തക്ക വിധത്തിൽ സന്നിധാനത്തിലെ ദർ!ശന രീതി മാറ്റുന്നത് ഏപ്രിലിലെ ഉത്സവ സമയത്ത് പരീക്ഷിക്കാൻ ഒരുങ്ങി ദേവസ്വം ബോർഡ്.പതിനെട്ടാംപടി കയറിവരുന്നർ കൊടിമരച്ചുവട്ടിൽ നിന്നു നേരെ സോപാനത്ത് എത്തുന്ന വിധത്തിലാണു പുതിയ ദർശന രീതി. ഇപ്പോൾ പതിനെട്ടാംപടി കയറി വരുന്ന തീർഥാടകർ ഇടതുവശത്തേക്കു തിരിഞ്ഞു മേൽപാലത്തിലൂടെ വടക്കേ നടയുടെ മുകളിൽ എത്തി പടിയിറങ്ങി സോപാനത്ത് എത്തിയാണ് ദർശനം നടത്തുന്നത്. തിരുനടയിൽ എത്തുമ്പോഴേക്കും പൊലീസ് പിടിച്ചു മാറ്റും. അതിനാൽ സെക്കൻഡുകൾ മാത്രമാണ് അയ്യപ്പ സ്വാമിയെ കാണാൻ കഴിയുന്നത്.



പടി കയറി എത്തുന്ന തീർഥാടകരെ കൊടിമരത്തിന്റെ രണ്ട് വശത്തുകൂടി ബലിയ്ക്കൽ പുരയോടു ചേർന്നുള്ള പ്രധാന വാതിലിലൂടെ കടത്തിവിടുന്നതാണു പുതിയ ക്രമീകരണം. ബലിക്കല്ല് മുതൽ സോപാനം വരെ 6 മീറ്റർ ദൂരത്തിൽ അയ്യപ്പനെ നേരെ കണ്ട് തൊഴുതു പോകാൻ കഴിയുന്ന വിധത്തിൽ ദർശന രീതി പരിഷ്കരിക്കും.

2025 ഏപ്രിൽ ഒന്നിനു നട തുറന്ന് 2ന് കൊടിയേറി 11ന് ആറാട്ടോടെ ഉത്സവം സമാപിക്കും. ഇതോടൊപ്പമാണ് വിഷു. വിഷു പൂജ കൂടി കഴിഞ്ഞ് ഏപ്രിൽ 18 ന് നട അടയ്ക്കും. മണ്ഡല മകരവിളക്ക് തീർഥാടനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തീർഥാടകർ എത്തുന്നത് വിഷുവിനാണ്. ഇതു കൂടി കണക്കിലെടുത്താണ് പുതിയ ദർശന രീതി ഉത്സവത്തിനു പരീക്ഷിക്കാനുള്ള ബോർഡിന്റെ നീക്കം. വിജയമെന്നു കണ്ടാൽ പൂർണമായും നടപ്പാക്കും.

തിരക്കു നിയന്ത്രണത്തിന്റെ ഭാഗമായി മേൽപാലം നിർമിച്ച് തീർഥാടകരെ അതിലൂടെ കടത്തി വിടാൻ തുടങ്ങിയിട്ട് 37 വർഷമായി. ശ്രീകോവിലിനേക്കാൾ ഉയര!ത്തിലുള്ള മേൽപാലത്തിലൂടെ തീർഥാടകർ ദർശനത്തിനു പോകുന്ന രീതി ശരിയല്ലെന്നു ദേവപ്രശ്നത്തിൽ കണ്ടതാണ്. മേൽപാലം പൊളിച്ചു തിരുമുറ്റ വികസനം സജീവ ചർച്ചയാണ്. പുതിയ പ്രസാദ മണ്ഡപം, തന്ത്രി, മേൽശാന്തി മഠങ്ങൾ തുടങ്ങിയവ ഉൾപ്പെടെ മാസ്റ്റർ പ്ലാനിൽ 96 കോടിയുടെ പദ്ധതിയാണ് തയാറാക്കിയിട്ടുള്ളത്.



**എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദിന്റെ ധിക്കാരപരമായ നടപടിയിലും അധികാര ദുർവിനിയോഗത്തിലും പ്രതിഷേധിച്ച് കെ.ജി.എം.ഒ.എ എറണാകുളം ജില്ല ഘടകത്തിന്റെ നേതൃത്വത്തിൽ ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഓഫിസിനു മുന്നിൽ നടത്തിയ ധർണ്ണ. കെ.ജി.എം.ഒ.എ സംസ്ഥാന സെക്രട്ടറിയും സംസ്ഥാന പ്രസിഡന്റി ഇലക്ടുമായ ഡോ.പി.കെ സുനിൽ ഉദ്ഘാടനം ചെയ്യുന്നു**

# കെ.ജി.എം.ഒ.എ പ്രതിഷേധ ധർണ്ണ നടത്തി

**കൊച്ചി:** എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദിന്റെ ധിക്കാരപരമായ നടപടിയിലും അധികാര ദുർവിനിയോഗത്തിലും പ്രതിഷേധിച്ച് കെ.ജി.എം.ഒ.എ എറണാകുളം ജില്ലാ ഘടകത്തിന്റെ നേതൃത്വത്തിൽ ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഓഫിസിനു മുന്നിൽ ധർണ്ണ നടത്തി. കെ.ജി.എം.ഒ.എ സംസ്ഥാന സെക്രട്ടറിയും പ്രസിഡന്റ് ഇലക്ടുമായ ഡോ.പി.കെ സുനിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഡോ. ശിവപ്രസാദിനെതിരെ കെ.ജി.എം.ഒ.എ നടത്തുന്നത് ധർമ്മ സമരമാണെന്നും അദ്ദേഹത്തെ സ്ഥാനത്ത് നിന്നും നീക്കാതെയുള്ള യാതൊരു ഒത്തു തീർപ്പിനും കെ.ജി.എം.ഒ.എ തയ്യാറല്ലെന്നും ഡോ.പി.കെ സുനിൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആട്ടിൻതോലിട്ട ചെന്നായ ആണ് ഡോ.ശിവപ്രസാദ്. കെ.ജി.എം.ഒ.യുടെ കൂടെ നടന്ന് വഞ്ചിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിക്കുന്നതെന്നും വനിതകൾ ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫിസർമാരോട് അപമര്യാദയായി പെരുമാറുന്ന ഡോ. ശിവപ്രസാദുമായി സഹകരിച്ച് പ്രവർത്തിക്കാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. മുഹമ്മദ് സലിം അധ്യക്ഷത വഹിച്ചു.ജില്ലാ സെക്രട്ടറി ഡോ. മിനു കൃഷ്ണൻ, ട്രഷറർ ഡോ. ജിനു ആനി, ഡോ. കെ.എച്ച് ദീപാ, ഡോ. എ.ബി വിൻസെന്റ്, കെ.ജി.എം.ഒ.എ ജില്ലാ വനിതാം വിംഗ് കൺവീനർമാരായ ഡോ. ശോഭ, ഡോ. മീര, മുൻ സംസ്ഥാന പ്രസിഡന്റ് ഡോ ജോയ് ജോർജ് തുടങ്ങിയവർ സംസാരിച്ചു.

# അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടി

**കൊച്ചി:** അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാർ ജീവനക്കാരും പെൻഷൻകാരും അനർഹമായി ക്ഷേമപെൻഷൻ വാങ്ങുന്നത് വ്യക്തമായ പശ്ചാത്തലത്തിൽ ചേർന്ന പ്രത്യേക യോഗത്തിലാണ് തീരുമാനം. തട്ടിപ്പുകാണിച്ചവർക്കെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടിയെടുക്കും. കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടപ്പിക്കും. അനർഹർ കയറിക്കൂടാൻ സാഹചര്യമൊരുക്കിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടിയുണ്ടാകും. അനർഹമായി പെൻഷൻ വാങ്ങുന്ന ജീവനക്കാർ അല്ലാത്തവർക്കെതിരെയും നടപടിയുണ്ടാകും.

മരണപ്പെട്ടവരെ അതത് സമയത്ത് കൺകറിങ് മസ്റ്ററിങ് നടത്തി ലിസ്റ്റിൽ നിന്ന് ഒഴിവാക്കും. വാർഷിക മസ്റ്ററിങ് നിർബന്ധമാക്കും. ഇതിന് ഫെയ്സ് ഓതൻറിക്കേഷൻ സംവിധാനം ഏർപ്പെടുത്തും. വരുമാന സർട്ടിഫിക്കറ്റ്, ആധാർ സീഡിങ് എന്നിവ നിർബന്ധമാക്കും. സർക്കാർ സർവ്വീസിൽ കയറിയ ശേഷം മസ്റ്ററിങ് നടത്തി ആനുകൂല്യം കൈപ്പറ്റുന്നത് അശ്രദ്ധയല്ലെന്ന് മുഖ്യമന്ത്രി യോഗത്തിൽ ചൂണ്ടിക്കാട്ടി. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ക്ഷേമപെൻകാരുടെ അർഹത വിലയിരുത്താനും ധനവകുപ്പ് പരിശോധന തുടരാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാം, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ വി സാംബശിവറാവു, ഐകെഎം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സന്തോഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു.




# ഇ സർവീസ് ബുക്ക് സംവിധാനത്തിന് സി ഐ എസ് എഫ് തുടക്കം കുറിച്ചു

**കൊച്ചി:** ഇന്ത്യാ ഗവൺമെന്റിന്റെ 'നാഷണൽ ഡിജിറ്റൽ ഇന്ത്യ' സംരംഭത്തിന്റെ ഭാഗമായി, സിഐഎസ്എഫ് ഇസർവീസ് ബുക്ക് പോർട്ടലിന്റെ സമാരംഭം പ്രഖ്യാപിച്ചു. അത് എല്ലാ സേനാംഗങ്ങൾക്കും പ്രാപ്യമാക്കാനാകും. വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ നടപടിക്രമങ്ങൾ കാര്യക്ഷമമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായാണ് പുതിയ സംരംഭം രൂപകൽപ്പന ചെയ്തത്. നിലവിൽ സർവീസ് ബുക്കിന്റെ നേരിട്ടുള്ള കൈമാറ്റം, വിരമിക്കൽ കുടിശ്ശിക നൽകുന്നതിൽ മാസങ്ങൾ കാലതാമസം വരുത്തുന്നു. സർവീസ് ബുക്കിലേക്ക് ഓൺലൈൻ പ്രവേശനം നൽകുന്നതിലൂടെയും പുതുക്കൽ ഉറപ്പാക്കുന്നതിലൂടെയും സേവനത്തിലിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പുതിയ ഡിജിറ്റൽ ചട്ടക്കൂട്, സർവീസ് ബുക്ക് നേരിട്ടു കൈമാറുന്നതിന്റെ ആവശ്യകത ഇല്ലാതാക്കും. തത്സമയ ട്രാക്കിങ് ശേഷിയാണ് ഇസർവീസ് ബുക്കിന്റെ പ്രധാന സവിശേഷതകളിലൊന്ന്. സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി, പെൻഷൻ ഫയലുകളുടെ തൽസ്ഥിതി യഥാസമയം നിരീക്ഷിക്കാൻ ഇപ്പോൾ കഴിയും. ഇത് നിരന്തരമായ അന്വേഷണങ്ങളുടെ ആവശ്യം ഇല്ലാതാക്കുകയും ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും സമയബന്ധിതമായി പുതിയ വിവരങ്ങൾ നൽകുകയും ചെയ്യും. ഓരോ വർഷവും വിരമിക്കുന്ന 2400 ജീവനക്കാർക്ക് ഇത് നേരിട്ട് പ്രയോജനം ചെയ്യും. നിലവിലുള്ള സംവിധാനത്തിൽ, വിവിധ ഓഫീസുകൾക്കിടയിൽ സർവീസ് ബുക്കുകൾ നേരിട്ടു കൈമാറുന്നത് ഉൾപ്പെടുന്നു. ഇത് പലപ്പോഴും കാലതാമസത്തിനും പിശകുകൾക്കും കാരണമാകാറുണ്ട്.ഈ പ്രക്രിയ കൂടുതൽ സമയമെടുക്കുന്നതും തെറ്റുകൾ വരാൻ സാധ്യതയുള്ളതുമായതിനാൽ വിദൂരമേഖലകളിൽ സ്ഥിതിചെയ്യുന്ന യൂണിറ്റുകൾക്ക് ഇതു പ്രതിസന്ധി സൃഷ്ടിക്കും. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൃത്യസമയത്ത് പെൻഷൻ വിതരണം ഉറപ്പാക്കുന്നതിനുമായാണ്, അന്തിമരൂപം നൽകുന്നതിനു മുമ്പ്, പിആർ സിസിഎ, എംഎച്ച്എ, പിഎഒ/ആർഎപിഒകൾ എന്നിവയിൽ നിന്നുള്ള നിർദേശങ്ങൾ സംയോജിപ്പിച്ച് ഓൺലൈൻ പോർട്ടൽ രൂപകൽപ്പന ചെയ്തത്.

ഇസർവീസ് ബുക്കിന്റെ മറ്റൊരു പ്രധാന നേട്ടം അത് ഒരു സഹകരണ പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നു എന്നതാണ്. മാതൃ യൂണിറ്റ്, ഉയർന്ന ഭരണ സംവിധാനങ്ങൾ , പിഎഒ/ആർഎപിഒകൾ എന്നിവയുൾപ്പെടെ എല്ലാ പങ്കാളികൾക്കും ഇപ്പോൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ തടസ്സമില്ലാതെ ഏകോപനത്തോടെ പ്രവർത്തിക്കാനാകും . ഇത് കാര്യക്ഷമമായ ആശയവിനിമയം, ചോദ്യങ്ങളുടെ പെട്ടെന്നുള്ള പരിഹാരം, സേവന വിവരങ്ങളുടെ സമയോചിതമായ പുതുക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

പെൻഷൻ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനു പുറമേ ഇസർവീസ് ബുക്ക്, സേവനത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥർക്ക് അവരുടെ സർവീസ് ബുക്കുകളിലേക്ക്ഓൺലൈൻ പ്രവേശം നൽകിക്കൊണ്ട് അവരെ ശാക്തീകരിക്കുന്നു. ഇത് അവരുടെ സേവന റെക്കോർഡുകൾ നിരീക്ഷിക്കാനും എന്തെങ്കിലും പൊരുത്തക്കേടുകൾ തിരിച്ചറിയാനും സമയബന്ധിതമായി തിരുത്തൽ നടപടികൾ ആരംഭിക്കാനും അവരെ പ്രാപ്തരാക്കുന്നു. സേവന രേഖകളുടെ കൃത്യതയും സമ്പൂർണ്ണതയും ഉറപ്പാക്കുന്നതിലൂടെ, ഇസർവീസ് ബുക്ക് സേവനത്തിലുള്ള ഉദ്യോഗസ്ഥരെ അവരുടെ കരിയർ പുരോഗതിയും വിരമിക്കൽ ആനുകൂല്യങ്ങളും ഫലപ്രദമായി ആസൂത്രണം ചെയ്യാൻ സഹായിക്കുന്നു. ഇത് സ്ഥാപനത്തിൽ സുതാര്യത വർദ്ധിപ്പിക്കും. സിഐഎസ്എഫിന്റെ ഇസർവീസ് ബുക്ക്, പെൻഷൻ നടപടി ക്രമങ്ങൾ നവീകരിക്കുന്നതിനും സിഐഎസ്എഫ് ഉദ്യോഗസ്ഥർക്ക് സേവന അനുഭവം വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പ്രധാന ചുവടുവയ്പ്പാണ്. കൂടുതൽ കാര്യക്ഷമവും സുതാര്യവും സൗകര്യപ്രദവുമായ സേവനം നൽകുന്നതിലൂടെ, സേവന വിതരണത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

# എറണാകുളം ജനറൽ ആശുപത്രിയുടെ വികസനത്തിന് കൂട്ടായ പിന്തുണ വേണം: മന്ത്രി പി. രാജീവ്

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയുടെ വികസനത്തിന് കൂട്ടായ പിന്തുണ അനിവാര്യമെന്ന് മന്ത്രി പി. രാജീവ്. ജനറൽ ആശുപത്രിയുടെ വികസനത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ സംഘടിപ്പിച്ച സിഎസ്ആർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഏകോപിത സംവിധാനം നാടിന്റെ പൊതുസംവിധാനത്തിന് എങ്ങനെ ഉപയോഗിക്കാം എന്നതിന്റെ ഉദാഹരണമാണ് ജനറൽ ആശുപത്രിയിൽ നടക്കുന്നത്. വിവിധ സ4ക്കാർ ഫണ്ടുകൾ, സിഎസ്ആർ ഫണ്ട്, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയെല്ലാം സംയോജിപ്പിച്ചാണ് ജനറൽ ആശുപത്രിയിലെ പല പദ്ധതികളും നടപ്പാക്കിയത്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനറൽ ആശുപത്രിയുടെ വികനസത്തിന് എല്ലാവരും സംഭാവന നൽകുന്നുണ്ട്. ബിപിസിഎൽ, ഷിപ്പ്‌യാർഡ്, റോട്ടറി ക്ലബ്ബ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ ആശുപത്രിക്ക് ഉപകരണങ്ങൾ, വാർഡുകൾ എന്നിവയെല്ലാം സംഭാവന നൽകിയിട്ടുണ്ട്. എല്ലാ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണം നൽകുന്നുണ്ട്. ഭക്ഷണ വിതരണം ഏറ്റെടുത്ത് നടത്തുന്ന പീറ്ററിനെ മന്ത്രി അഭിനന്ദിച്ചു. അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ പ്രശ്നം ഉടൻ പരിഹരിക്കണം. ആശുപത്രിയിലെ ഭക്ഷണ വിതരണത്തിന് കൂടുതൽ സംഭാവന നൽകുന്നതിന് മുന്നോട്ട് വരണമെന്ന് മന്ത്രി അഭ്യർഥിച്ചു. പിറന്നാൾ, വിവാഹം, മരണാവശ്യം പോലുള്ള ചടങ്ങുകളുടെ സമയത്ത് ആശുപത്രി രോഗികളെ സഹായിക്കുന്നതിനുള്ള മനസ് കാണിക്കണം. ഇതിനായി പ്രത്യേക ക്യാമ്പെയ്ൻ നടത്താനും മന്ത്രി നി4ദേശിച്ചു.

ആശുപത്രിയിലേക്കുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള കാലാവധി പൂർത്തിയായ ഉപകരണങ്ങൾ അപ് ഗ്രേഡ് ചെയ്യുന്നതിനും, അവയവ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾക്ക്, ആംബുലൻസ് സേവനം ലഭ്യമാക്കാൻ, ഫാർമസിയുടെ വിപുലീകരണം, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തുടങ്ങി 33 വികസന പദ്ധതികൾക്കാണ് ആശുപത്രി വികസന സമിതി ഫണ്ട് സ്വരൂപിക്കുന്നത്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ നിന്ന് തുക സ്വരൂപിക്കുന്നതിനായാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. ആശുപത്രി സൂപ്രണ്ട് ഡോ. ആ4. ഷാഹിർഷാ ആശുപത്രിയിലെ വികസന പദ്ധതികളുടെ അവതരണം നടത്തി.

ഹൈബി ഈഡൻ എംപി അധ്യക്ഷത വഹിച്ചു. ടി.ജെ. വിനോദ് എംഎൽഎ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് തുടങ്ങിയവർ പങ്കെടുത്തു.

# കിണർവെള്ളം ശുദ്ധമാണോന്ന് ഇനി സ്കൂൾ ലാബിലും പരിശോധിക്കും

**കൊച്ചി:** കേരള പുനർനിർമ്മാണ പദ്ധതിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിലെ എഫ്എംസിടി ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ജല ഗുണനിലവാര പരിശോധനാ ലാബിന്റെ ഉദ്ഘാടനം കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു നിർവഹിച്ചു. എഫ് എംസിടി സ്കൂൾ മാനേജർ ഫാ. അലക്സ് കരീമാടം അധ്യക്ഷനായ ചടങ്ങിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ടി എസ് ദീപു മുഖ്യപ്രഭാഷണം നടത്തി. പൊതുജനങ്ങൾക്കു തങ്ങളുടെ കിണർ വെള്ളത്തിന്റെ സാമ്പിൾ സ്കൂളുകളിലെ ലാബുകളിൽ നേരിട്ടെത്തിച്ചു ഗുണനിലവാര പരിശോധന നടത്താം.

ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകൾ പ്രയോജനപ്പെടുത്തി ഹരിതകേരളം മിഷന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണു പദ്ധതി നടപ്പാക്കുന്നത്. ജലത്തിന്റെ നിറം, ഗന്ധം, പി.എച്ച് മൂല്യം, വൈദ്യുതി ചാലകത, ലവണ സാന്നിദ്ധ്യം, ലയിച്ചു ചേർന്നിട്ടുള്ള ഖരപദാർത്ഥങ്ങളുടെ അളവ്, നൈട്രേറ്റിന്റെ അളവ്, അമോണിയയുടെ അളവ്, കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം എന്നിവയാണ് ലാബുകളിൽ പ്രധാനമായും പരിശോധിക്കുന്നത്. സ്കൂളിലെ കെമിസ്ട്രി അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെയാണു പദ്ധതി നടപ്പാക്കുന്നത്.

പ്രാദേശികമായി ലാബുകൾ സ്ഥാപിക്കുന്നതോടെ കുടിവെള്ള പരിശോധന വ്യാപകമാക്കാനും ജല ഗുണനിലവാരം ഉറപ്പാക്കാനും കഴിയും. പ്രിൻസിപ്പൽ പീറ്റർ ജോൺ, ഹെഡ്മിസ്ട്രസ് ജിഷ വർഗീസ്, പിടിഎ പ്രസിഡന്റ് പോളി കളപ്പറമ്പത്ത്, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റംല ലത്തീഫ്, ബ്ലോക്ക് പഞ്ചായത്തംഗം ജയശ്രീ ഗോപീകൃഷ്ണൻ, വാർഡ് മെമ്പർ ജിജി അനിൽകുമാർ, പിടിഎ വൈസ് പ്രസിഡന്റ് വി എം ഫൈസൽ, മദർ പിടിഎ പ്രസിഡന്റ് ഡെൽമി സിജു എന്നിവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാശിശുവികസന വകുപ്പിനു കീഴിലുള്ള മുളന്തുരുത്തി അഡിഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 101 അങ്കണവാടികളിലേക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 11.ഫോൺ:04842786680, 9947864784, 9188959730

## അഭിമുഖം നടത്തും

**കൊച്ചി:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു പി എസ് (കാറ്റഗറി നം 137/2023) തസ്തികയിലേക്കുള്ള അഭിമുഖം ഡിസംബർ അഞ്ചിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ എറണാകുളം മേഖലാ ഓഫീസിൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ രാവിലെ 8ന് അസ്സൽ പ്രമാണങ്ങൾ, ഒ ടി വി സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം നേരിട്ട് ഹാജരാകണം.

## സെക്യൂരിറ്റിഓഫീസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഓഫീസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കും, ക്യാപ്റ്റൻ അല്ലെങ്കിൽ സമാനമായ റാങ്കിൽ നിന്ന് വിരമിച്ച മുൻ സൈനികർക്കും അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോപ്പി, പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ എന്നിവ സഹിതം രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻ ഡ് ടെക്നോളജി, കൊച്ചി22 എന്ന വിലാസത്തിൽ ഡിസംബർ 31 നകം അയക്കണം.


## അദാലത്ത്

**കൊച്ചി:** മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ചേർന്ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിശ്ചയിച്ചിരുന്ന പിഴയൊടുക്കുന്നതിനായുള്ള അദാലത്ത് മൂവാറ്റുപുഴ ആർ.ടി. ഓഫീസ് ഹാളിലേക്കു മാറ്റി.

ഡിസംബർ 4, 5 തീയതികളിലായാണ് അദാലത്ത് നടക്കുന്നത്. മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ഇചലാൻ മുഖേന നൽകിയിട്ടുള്ള ട്രാഫിക് ഫൈനുകളിൽ യഥാസമയം വിവിധ കാരണങ്ങളാൽ പിഴയടയ്ക്കാൻ സാധിക്കാത്തതും, നിലവിൽ വിർചൽ കോടതിയിൽ ഉള്ളതുമായ ചലാനുകളിൽ പ്രോസിക്യൂഷൻ നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളവ ഒഴികെ എല്ലാ ചലാനുകൾക്കും പിഴയൊടുക്കാൻ സൗകര്യമൊരുക്കും.

# പേഴ്സണലൈസ്ഡ് ന്യൂസ് വീഡിയോ സ്റ്റോറേജ് ഉപകരണവുമായി മലയാളി ടെക് വിദഗ്ധർ

**കൊച്ചി:** പേഴ്സണലൈസ്ഡ് ന്യൂസ് വീഡിയോ സ്റ്റോറേജ് സങ്കേതം വികസിപ്പിച്ച് കേരളത്തിൽ നിന്നുള്ള മൂന്ന് സാങ്കേതിക വിദഗ്ധർ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പിഎച്ഡി ബിരുദധാരികളായ ആലുവ യുസി കോളേജിലെ കമ്പ്യൂട്ടർ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ഷൈൻ കെ. ജോർജ്, രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലൈഡ് സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. നീനു കുര്യാക്കോസ്, മാധ്യമ പ്രവർത്തകനും സംരംഭകനും ന്യൂഏജ് ഫൗണ്ടറുമായ സെബിൻ പൗലോസ് എന്നിവർ ചേർന്നാണ് പേഴ്സണലൈസ്ഡ് ന്യൂസ് വീഡിയോ സ്റ്റോറേജ് ഉപകരണം രൂപകൽപന ചെയ്തിരിക്കുന്നത്. ടിവി, ഡിജിറ്റൽ വ്യൂവേഴ്സിന് തങ്ങൾക്ക് ഏറ്റവും ആവശ്യമുള്ളതും, ഉപകാരപ്പെടുന്നതും, ഇഷ്ടമുള്ളതുമായ ഉള്ളടക്കം ലഭ്യമാക്കാൻ സഹായിക്കുന്നതാണ് ഇവരുടെ കണ്ടുപിടുത്തം. തങ്ങളുടെ മുൻഗണനകൾ വച്ചുകൊണ്ടുള്ള ന്യൂസ് വീഡിയോകൾ ലഭിക്കുന്നതിനും, സൂക്ഷിച്ചു വയ്ക്കാനും ക്രോഡീകരിക്കാനും സഹായിക്കുന്നതാണ് ഈ ഡിവൈസ്. പേറ്റന്റ് നടപടിക്രമങ്ങളുടെ ഭാഗമായി യുകെയിലെ ഇന്റലക്ചൽ പ്രോപ്പർട്ടി ഓഫീസിലെ പേറ്റന്റ് രജിസ്ട്രിയിൽ ഈ കണ്ടെത്തൽ രേഖപ്പെടുത്തിയിട്ടുണ്ട്.


പേഴ്സണലൈസ്ഡ് ന്യൂസ് വീഡിയോ സ്റ്റോറേജ് ഉപകരണം

ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നൽകുന്ന പേഴ്സണലൈസേഷൻ അനുഭവത്തേക്കാൾ മെച്ചപ്പെട്ട സാധ്യതകളും, വൈവിധ്യങ്ങളും അനുഭവങ്ങളും ഈ ഉപകരണം സാധ്യമാക്കുമെന്ന് ഡോ.ഷൈൻ പറയുന്നു. വാർത്തകളുടെയും മറ്റ് വിവരങ്ങളുടെയും അതിപ്രസരത്തിൽ സൂക്ഷ്മമായും വ്യക്തിഗതമായുമുള്ള തെരെഞ്ഞെടുപ്പുകൾക്ക് ഇത് സഹായകരമാകുന്നു.

ദൈനംദിന വാർത്തകളിലേയ്ക്കും വിവരങ്ങളിലേയ്ക്കും ഉപഭോക്താക്കളെ യാതൊരുസങ്കീർണതകളുമില്ലാതെ അടുപ്പിക്കുന്നതോടൊപ്പം വ്യത്യസ്ത പ്ലാറ്റ്ഫോമുകളിലെയും ചാനലുകളിലെയും ഓരോ വ്യക്തിക്കും വേണ്ടുന്ന വീഡിയോ ഉള്ളടക്കം കണ്ടെത്തി തരംതിരിച്ച് സൂക്ഷിക്കുകയും തങ്ങൾക്ക് ആവശ്യമുള്ളപ്പോൾ അതിൽ നിന്നും തെരെഞ്ഞെടുത്ത് കാണാനുള്ള സൗകര്യം നൽകുകയും ചെയ്യുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. റെക്കോർഡിംഗ്, ടെലികമ്മ്യൂണിക്കേഷൻ, ഡാറ്റ പ്രോസസ്സിംഗ് ഉപകരണങ്ങളുടെ വിഭാഗങ്ങളിലാണ് ഈ ഉപകരണത്തെയും ഉൾപ്പെടുത്തിയിരിക്കുന്നത്. വർത്തമാനകാലത്ത് ഡാറ്റ സ്റ്റോറേജ്, ഡാറ്റ മാനേജ്മെന്റ് രംഗത്തെ പുതിയ കണ്ടെത്തലാണിത്.


ഡോ.ഷൈൻ കെ. ജോർജ്, ഡോ. നീനു കുര്യാക്കോസ്, സെബിൻ പൗലോസ്

ഹാർഡ്വെയർ ഡിവൈസായാണ് ഇപ്പോൾ രൂപകൽപന ചെയ്തിരിക്കുന്നത്. ക്ലൗഡ്, ഇന്റേണൽ സ്റ്റോറേജുകളിലേക്ക് ഡാറ്റ ട്രാൻസ്ഫർ സാധ്യമാണ്. ഹാർഡ്വെയർ ഇല്ലാതെ തന്നെ ഭാവിയിൽ ഈ സങ്കേതം ഗാഡ്ജറ്റുകളിൽ ആപ്ലിക്കേഷനായി ഉപയോഗിക്കാനുള്ള പരീക്ഷണവും പുരോഗമിക്കുന്നുവെന്ന് ഡോ.ഷൈൻ കെ. ജോർജ് വ്യക്തമാക്കി.

എഐ അധിഷ്ഠിത വിഷയങ്ങളിൽ ഒട്ടേറെ അന്താരാഷ്ട്ര സെമിനാറുകളിൽ ശ്രദ്ധേയ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുള്ള ഇവർക്ക് എഐ അധിഷ്ഠിത ഉൽപന്നങ്ങൾ, സേവനങ്ങൾ, പുസ്തകങ്ങൾ, പ്ലാറ്റ്ഫോമുകൾ, സൊല്യൂഷനുകൾ, കൺസൾട്ടേഷൻ എന്നിവയ്ക്കായുള്ള ഒരു സ്റ്റാർട്ടപ്പും ഉണ്ട്. ജനുവരിയിൽ ഷേപ്പിങ് ദി ഫ്യൂച്ചർ ഓഫ് മീഡിയ ഇൻ എ ഡൈനാമിക് ലാൻഡ്സ്കേപ്പ്' (AIDriven Intelligent News Rooms: Shaping the Future of Media in a Dynamic Landscape) എന്ന പുസ്തകവും പുറത്തിറക്കാനുള്ള തയ്യാറെയുപ്പിലാണിവർ.

## ഹോമിയോപതിക്ക് എതിരെ അനാവശ്യമായ എതിർപ്പ്: മന്ത്രി കെ.എൻ.ബാലഗോപാൽ

**തിരുവനന്തപുരം :** ചികിത്സാ രംഗത്ത് ഹോമിയോപതിയ്ക്ക് അതിന്റേതായ മേൽക്കൈയുണ്ടെന്നും എന്നാൽ ഈ മേഖലയ്ക്ക് നേരെയും അനാവശ്യമായ എതിർപ്പുകളുണ്ടാകുന്നുവെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഇൻസ്റ്റിറ്റിയൂഷൻ ഓഫ് ഹോമിയോപതിക്സ് കേരളയുടെ (ഐ.എച്ച്.കെ) ദ്വിദിന അന്താരാഷ്ട്ര സമ്മേളനം

വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹോമിയോപതിയുടെ ഗുണഫലം വ്യക്തപരമായി തനിക്കും അനുഭവമുള്ളതാണ്. എന്നാൽ ഹോമിയോപതിയെ അനുകൂലിക്കുന്നവരും വിമർശനത്തിന് വിധേയരാകുന്നു. കൊവിഡ് കാലത്ത് ഹോമിയോപതി ചികിത്സയുടെ പ്രാധാന്യത്തെ പറ്റി എഴുതിയപ്പോൾ തനിക്ക് നേരെയും വിമർശമുണ്ടായി. കാലത്തിന് അനുസരിച്ചുള്ള കൂടുതൽ ഗവേഷണങ്ങൾ ഈ രംഗത്ത് നടക്കണം. കേരളത്തിൽ സർക്കാർ മേഖലയിൽ 1200 ഓളം ഹോമിയോപതി ക്ലീനിക്കുകളുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ചികിത്സാ കേന്ദ്രങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്നും മന്ത്രി പറഞ്ഞു.



ഇൻസ്റ്റിറ്റിയൂഷൻ ഓഫ് ഹോമിയോപതിക്സ് കേരള സംസ്ഥാന പ്രസിഡന്റ് ഡോ.കൊച്ചുറാണി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഐ.ബി.സതീഷ് എം.എൽ.എ മുഖ്യാതിഥിയായി. ആധികാരികമായ അറിവിന്റെ പിൻബലമാമാണ് ഹോമിയോയുടെ അടിസ്ഥാനമെന്ന് ഐ.ബി.സതീഷ്. ലോകത്തിന് മുന്നിൽ ഹോമിയോപതിയുടെ സാദ്ധ്യതകൾ തെളിയിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അടൂർ പ്രകാശ് എം.പി മുഖ്യപ്രഭാഷണം നടത്തി. ഹോമിയോപതി കൈപ്പുസ്തകത്തിന്റെ പ്രകാശനം മന്ത്രി ബാലഗോപാൽ ഐ.ബി.സതീഷ് എം.എൽ.എയ്ക്ക് നൽകി നിർവഹിച്ചു.

എ.എച്ച്.കെ രക്ഷാധികാരിയും പ്രശസ്ത ഹോമിയോപതി ഡോക്ടറുമായ ഡോ.രവി.എം.നായരെ ചടങ്ങിൽ മന്ത്രി ഉപഹാരം നൽകി ആദരിച്ചു. മികച്ച ഹോമിയോ കോളേജിനുള്ള പുരസ്ക്കാരം നേടിയ കുലശേഖരം ശാരദാ കൃഷ്ണ ഹോമിയോ കോളേജിന് വേണ്ടി ചെയർമാൻ ഡോ.സി.കെ.മോഹൻ മന്ത്രിയിൽ നിന്ന് സ്വീകരിച്ചു.

കാട്ടാക്കട യൂണിറ്റ് സംഘടിപ്പിച്ച ചടങ്ങിൽ ഡോ.ടി.അജയൻ, ഡോ.വി.അജേഷ്, ഡോ.പി.ജി.ഗോവിന്ദ്, ഡോ.സതീശൻ നായർ എന്നിവർ സംസാരിച്ചു. ഡോ.എം.മുഹമ്മദ് അസലം സ്വാഗതവും ഡോ.ആർ.എസ്.രാജേഷ് നന്ദിയും പറഞ്ഞു.

## വിഎഫ്എഫിൽ 'കിച്ചൺ ബന്ദ്' ആവേശം

**കൊച്ചി:** സമഗ്ര വികസിത നിയോജക മണ്ഡലമെന്ന ആശയത്തോടെയുള്ള വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റിനു വിഎഫ്എഫ് 24 'കിച്ചൺ ബന്ദോ'ടെ തിരി തെളിഞ്ഞു. അടുക്കള പൂട്ടി കുടുംബ സമേതമെത്തി ഭാഗക്കാകാൻ ആഹ്വാനം ചെയ്ത 'കിച്ചൺ ബന്ദ് ' കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ കുഴുപ്പിള്ളി ബീച്ചിൽ ഉദ്ഘാടനം ചെയ്തു. നാടിന്റെ തനത് മത്സ്യവിഭവ രുചി മേളയായ 'കിച്ചൺ ബന്ദ്' ആസ്വദിക്കാൻ എത്തിയതിലൂടെ വൈപ്പിന്റെ സുസ്ഥിരതയാണ് പ്രഖ്യാപിതമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

വിഎഫ്എഫ് 24നോട് അനുബന്ധിച്ച് പ്ലാൻ@എർത്ത് എന്ന എൻജിഒ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുൾപ്പെട്ട 350 സ്ത്രീകൾക്ക് നൽകിയ പാചക പരിശീലനത്തിന്റെ പ്രകടന രൂപമായി 'കിച്ചൺ ബന്ദ്' എട്ട് സ്റ്റാളുകളിൽ വിഭവങ്ങൾ ഇടം പിടിച്ചു.

സിസ്റ്റർ വിമൽ ഗ്രേസിന്റെ നേതൃത്വത്തിൽ നായരമ്പലം കരുണ സ്പെഷ്യൽ സ്കൂളിന്റെ സ്റ്റാളും രുചിമേളയിൽ ഉണ്ട്. 'കിച്ചൺ ബന്ദി'നു തുടർച്ചയായി ഭക്ഷ്യമേള ഡിസംബർ മൂന്നുവരെ കുഴുപ്പിള്ളി ബീച്ചിൽ നടക്കും.

ഉദ്ഘാടന സമ്മേളനത്തിൽ കുഴുപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ അധ്യക്ഷനായി. സിസ്റ്റർ വിമൽ ഗ്രേസ്, ഫൊക്കാന പ്രതിനിധികളായ പോൾ കറുകപ്പിള്ളി, അഡ്വ. സിറിയക്, സാമൂഹ്യ പ്രവർത്തകൻ റെജികുമാർ എന്നിവർ വിശിഷ്ടാതിഥികളായി. എംഎൽഎയുടെ അഭ്യർത്ഥന മാനിച്ചു പോൾ കറുകപ്പിള്ളിയും റെജികുമാറും സിസ്റ്റർ വിമൽ ഗ്രേസിനു സാമ്പത്തിക സഹായം കൈമാറി. വിശിഷ്ട വ്യക്തികൾക്ക് കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ മെമന്റോ സമ്മാനിച്ചു

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, പ്ലാനറ്റ് എർത്ത് പ്രസിഡന്റ് മുജീബ് മുഹമ്മദ്, സിഡിഎസ് ചെയർപേഴ്സൺ ലളിത സതീശൻ, വാർഡ് അംഗം വിപിന എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ആസ്റ്ററും, ക്വാളിറ്റി കെയറും ലയിക്കും; കരാറിൽ ഒപ്പു വെച്ചു

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ലിമിറ്റഡ് ("ആസ്റ്റർ")ബ്ലാക്ക്സ്റ്റോണിന്റെയും ടിപിജിയുടെയും പിന്തുണയുള്ള ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡ് ലയനത്തിനുള്ള നിർണായക കരാറുകളിൽ ഒപ്പുവച്ചു.ലയനത്തിന് അതത് കമ്പനികളുടെ ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. റെഗുലേറ്ററി, കോർപ്പറേറ്റ്, ഷെയർഹോൾഡർമാരുടെ അനുമതികൾക്ക് വിധേയമായാണ് ലയനം. ഈ സ്ഥാപനത്തിന് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് എന്ന് പേരിടും.ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡിൽ, ആസ്റ്റർ ഡിഎം, കെയർ ഹോസ്പിറ്റൽസ്, കിംസ് ഹെൽത്ത്, എവർകെയർ എന്നീ നാല് പ്രമുഖ ബ്രാൻഡുകൾ ഉണ്ടാകും. സംയോജിക്കുന്നതിലൂടെ 27 നഗരങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 38 ആശുപത്രികളിലായി 10,150 ലധികം കിടക്കകളുള്ള ഇന്ത്യയിലെ മികച്ച മൂന്ന് ആശുപത്രി ശൃംഖലകളിൽ ഒന്നായി മാറും. സമ്മതിച്ച സ്വാപ്പ് അനുപാതത്തെ അടിസ്ഥാനമാക്കി, ആസ്റ്റർ ഓഹരിയുടമകൾക്ക് 57.3 ശതമാനവും ക്യൂസിഐഎഎൽ ഷെയർ ഹോൾഡർമാർക്ക് 42.7 ശതമാനവും ഉണ്ടായിരിക്കും. ലയിപ്പിച്ച സ്ഥാപനത്തിന്റെ ഓഹരി പങ്കാളിത്തം 24.0 ശതമാനം ആസ്റ്റർ പ്രൊമോട്ടർമാർക്കും, 30.7 ശതമാനം ബ്ലാക്ക്സ്റ്റോണിനനുമായിരിക്കും.

ബാക്കി 45.3ശതമാനം പൊതുജനങ്ങളുടെയും മറ്റ് ഓഹരി ഉടമകളുടെയും കൈവശമായിരിക്കും. ഡോ. ആസാദ് മൂപ്പൻ എക്സിക്യൂട്ടീവ് ചെയർമാനായി തുടരുകയും ലയിപ്പിച്ച സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യും. ക്വാളിറ്റി കെയറിന്റെ ഗ്രൂപ്പ് എംഡി വരുൺ ഖന്ന ലയിപ്പിച്ച സ്ഥാപനത്തിന്റെ എംഡിയും ഗ്രൂപ്പ് സിഇഒയും ആയിരിക്കും.

ലയനത്തിലൂടെ ഒമ്പത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉടനീളം ആശുപത്രികൾ, ലാബുകൾ, ക്ലിനിക്കുകൾ, ഫാർമസികൾ എന്നിവയിലൂടെ ആരോഗ്യരംഗത്ത് വൈവിധ്യമാർന്ന സാനിധ്യമായി ഗ്രൂപ്പ് വളരും. കൂടാതെ 2027ഓടെ 3500 കിടക്കകൾ പുതിയതായി കൂട്ടിച്ചർക്കാനും ഗ്രൂപ്പ് ലക്ഷ്യമിടുന്നു.

രോഗി കേന്ദ്രീകൃത പരിചരണം, നവീകരണം, പ്രവേശനക്ഷമത എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചുകൊണ്ട് വ്യവസായത്തിലെ ഏറ്റവും വലിയ ഹെൽത്ത് കെയർ സ്ഥാപനമായി മാറാൻ ഒരുങ്ങുകയാണ് 'ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ്'. എന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ആസ്റ്റർ ആൻഡ് ക്വാളിറ്റി കെയറിന്റെ വിപുലമായ ശൃംഖലയുടെ സംയോജനവും ബ്ലാക്ക്ക്സ്റ്റോണിന്റെയും ടിപിജിയുടെയും പിന്തുണയും, ലോകോത്തര ആരോഗ്യ സേവനങ്ങൾ നൽകാനും, നവീകരണം നടത്താനും, രോഗികളുടെ ഫലങ്ങൾ മെച്ചപ്പെടുത്താനും തങ്ങളുടെ മെഡിക്കൽ പ്രൊഫഷണലുകൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനും കാരണമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യ സംരക്ഷണ മേഖലയിൽ ഇന്ത്യയിലെ മുൻനിര പ്ലാറ്റ്ഫോമുകളിലൊന്ന് സൃഷ്ടിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ബ്ലാക്ക് സ്റ്റോൺ പ്രൈവറ്റ് ഇക്വിറ്റിയുടെ ഏഷ്യാ മേധാവി അമിത് ദീക്ഷിത് പറഞ്ഞു.ആഗോള ആരോഗ്യ സംരക്ഷണത്തിൽ മികച്ച നിലവാരം സ്ഥാപിക്കുക എത് ആസ്റ്ററിലെ മാർഗ്ഗനിർദ്ദേശ മുദ്രാവാക്യമാണെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ അലീഷ മൂപ്പൻ പറഞ്ഞു.

# വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി മുത്തൂറ്റ് ഫിനാൻസ്



**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിൻറെ സിഎസ്ആർ വിഭാഗമായ മുത്തൂറ്റ് എം ജോർജ്ജ് ഫൗണ്ടേഷൻ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി കേരളത്തിൽ നിന്നുള്ള 30 മികച്ച വിദ്യാർത്ഥികൾക്ക് 48 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകൾ നൽകി.കൊച്ചിയിലെ മുത്തൂറ്റ് ഗ്രൂപ്പ് ഹെഡ് ഓഫീസിൽ വെച്ച് നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി 2023 മുതൽ 24 വരെയുള്ള സാമ്പത്തിക വർഷത്തിന്റെ ഭാഗമായി എംബിബിഎസ്, എഞ്ചിനീയറിംഗ്, ബിഎസ്സി നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ ബിരുദങ്ങൾ നേടുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിന് സ്കോളർഷിപ്പുകൾ നൽകി. എറണാകുളം എം.എൽ.എ ടി.ജെ. വിനോദ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു, മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അധ്യക്ഷത വഹിച്ചു. മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. ആർ. ബിജിമോൻ, മുത്തൂറ്റ് ഗ്രൂപ്പ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ ബാബു ജോൺ മലയിൽ, വരിക്കോലിയിലെ മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് വൈസ് പ്രിൻസിപ്പൽ ഡോ. ചിക്കു എബ്രഹാം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിനായി 2017 മുതൽ കമ്പനി മൊത്തം 3,71,85,000രൂപ ചെലവഴിച്ചു.കൂടാതെ, 2024 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷത്തെ മുത്തൂറ്റ് എം ജോർജ്ജ് പ്രൊഫഷണൽ സ്കോളർഷിപ്പ് പദ്ധതിയുടെ പ്രഖ്യാപനവും ചടങ്ങിൽ നിർവ്വഹിച്ചു. സ്കോളർഷിപ്പിന് അർഹതയുള്ളവർക്ക് https://mgmscholarship.muthootgroup.comൽ ഓൺലൈനായി അപേക്ഷിക്കാം അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾക്ക് 04844804079 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.



# അസോച്ചം ജിഎസ്ടി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

**കൊച്ചി:** അസോച്ചം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജിഎസ്ടിയും അനുബന്ധ വിഷയങ്ങളും എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. രവിപുരം മേഴ്സി ഹോട്ടലിൽ നടന്ന പരിപാടി ജിഎസ്ടി എറണാകുളം ജോയിന്റ് കമ്മിഷണർ പ്രജനി രാജൻ ഉദ്ഘാടനം ചെയ്തു. ജിഎസ്ടി കൗൺസിൽ പാസാക്കിയ പുതിയ നിയമവും വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകളും ക്ലാസിൽ ചർച്ചാവിഷയമായി. കൂടാതെ, ആംനെസ്റ്റി സ്കീമും അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്തു. വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാനും തീരുമാനമായി. സംസ്ഥാന ചെയർമാർ രാജ സേതുനാഥ് അധ്യക്ഷനായി. പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് സ്റ്റാൻലി ജെയിംസ് ക്ലാസ് നയിച്ചു. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മാനേജർ കൃഷ്ണ മോഹൻ, അസോച്ചം സ്റ്റേറ്റ് കോർഡിനേറ്റർ സുശീൽ കുമാർ എന്നിവർ സംസാരിച്ചു.




# ക്രൗൺപ്ലാസയിൽ ക്രിസ്തുമസ് മരം ഒരുങ്ങി

**കൊച്ചി:** ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ക്രൗൺ പ്ലാസയിലെ ക്രിസ്തുമസ് മരത്തിൽ ലൈറ്റുകൾ തെളിയിച്ചു.

സാമൂഹിക സംരംഭകയായ ലക്ഷ്മി മേനോനും നടിയും മോഡലുമായ റിതു മന്ത്രയും ചേർന്നാണ് ക്രിസ്തുമസ് മരത്തിലെ വർണസംവിധാനം സ്വിച്ച് ഓൺ ചെയ്തത്. ഈ അവധിക്കാലത്തും എല്ലാവർക്കും സന്തോഷവും ദീർഘകാലം നീണ്ടുനിൽക്കുന്ന ഓർമകളും സമ്മാനിക്കാനാണ് ക്രൗൺ പ്ലാസ കൊച്ചി ശ്രമിക്കുന്നതെന്ന് ഹോട്ടലിന്റെ ജനറൽ മാനേജരായ ദിനേശ് റായ് പറഞ്ഞു. മട്ടാഞ്ചേരിയിലെ ആശ്വാസഭവനിലെ കുട്ടികളും ചടങ്ങിൽ പങ്കെടുത്തു.

പരിപാടിയോടനുബന്ധിച്ച് കേക്കിന്റെ വിൽപനയും സംഘടിപ്പിച്ചിരുന്നു. അതിൽ നിന്നുള്ള വരുമാനത്തിന്റെ 10% ആശ്വാസ ഭവൻ അനാഥാലയത്തിന് കൈമാറുമെന്ന് ക്രൗൺ പ്ലാസ കൊച്ചി അധികൃതർ അറിയിച്ചു.ജെംസ് മോഡേൺ അക്കാദമിയിലെ കുട്ടികളുടെ മനോഹരമായ കോയിർ ഗാനാലാപനത്തോടെയാണ് പരിപാടികൾ തുടങ്ങിയത്. തുടർന്ന് ജിഞ്ചർബ്രെഡ് ഹൗസ്, പുഷ്പാലംകൃത ക്രിസ്മസ് റീത്ത് നിർമാണം, തുടങ്ങി ക്രിസ്മസ് പാരമ്പര്യത്തോടനുബന്ധിച്ചുള്ള നിരവധി ആഘോഷപരിപാടികളും ഹോട്ടലിൽ നടന്നു. ആകർഷകമായ ക്രിസ്തുമസ് അലങ്കാരപ്പണികളാൽ മുഖരിതമായിരുന്ന വേദിയിലേക്ക് സാന്റാ ക്ളോസും എത്തി.ക്രിസ്തുമസ് ഗംഭീരമായി ആഘോഷിക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലായിരുന്നു ആശ്വാസ ഭവനിലെ കുട്ടികൾ. ചടങ്ങുകൾക്ക് ശേഷം അതിഥികൾക്കായി ഹോട്ടലിൽ പ്രത്യേക സൽക്കാരവുമുണ്ടായിരുന്നു. കുട്ടികൾക്കൊപ്പം പ്രമുഖ താരങ്ങൾ, ഇൻഫ്ളുവൻസർമാർ, ബിസിനസുകാർ എന്നിവർ പങ്കെടുത്തു. ക്രിസ്തുമസും ന്യൂഇയറും പ്രമാണിച്ച് ക്രൗൺ പ്ലാസ കൊച്ചിയിൽ പ്രത്യേക ആഘോഷകാല ബുഫെയും സജ്ജമാക്കിയിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മിസ് യൂണിവേഴ്സ് കൊച്ചി ഓഡിഷൻ ഡിസംബർ 8 ന്

## ഒപ്പം കുട്ടികൾക്കായുള്ള പ്രിൻസ് ആൻഡ് പ്രിൻസസിന്റെ ഓഡിഷനും

**കൊച്ചി:** ത്രീ സെക്കൻഡ്സ് ഗ്രൂപ്പ് അവതരിപ്പിക്കുന്ന മിസ് യൂണിവേഴ്സ് കൊച്ചിയുടെ ഓഡിഷൻ ഡിസംബർ 8 ന് എംജി റോഡിലെ കീസ് ബൈ ലെമൺ ട്രീ ഹോട്ടലിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 18 വയസ് മുതൽ പ്രായമുള്ള വനിതകൾക്ക് പങ്കെടുക്കാം. കുട്ടികൾക്കായുള്ള പ്രിൻസ് ആൻഡ് പ്രിൻസസിന്റെ ഓഡിഷനും അന്നേ ദിവസം നടക്കും.

രാവിലെ ഒൻപത് മുതൽ വൈകുന്നേരം നാല് വരെയാണ് ഓഡിഷൻ. മികവ് പ്രകടിപ്പിക്കുന്ന മത്സരാർഥികൾക്ക് ഗ്രാൻഡ് ഫിനാലയിലേക്ക് അവസരം ലഭിക്കും. ജനുവരിയിലാണ് ഗ്രാൻഡ് ഫിനാലെ. മിസ് യൂണിവേഴ്സ് കൊച്ചി വിജയിക്ക് സംസ്ഥാന, ദേശീയ മത്സരങ്ങൾ കടന്ന് മിസ് യൂണിവേഴ്സിൽ വരെ പങ്കെടുക്കാൻ അവസരം ലഭിക്കുമെന്ന് ത്രീ സെക്കൻഡ്സ് ഗ്രൂപ്പ് ഫൗണ്ടർ ഡോണ ജെയിംസ് സുകുമാരി, അഡ്വൈസർ ഡോ. രാഖി എസ്.പി എന്നിവർ പറഞ്ഞു. മിസ് യൂണിവേഴ്സ് കൊച്ചി മത്സരത്തിന് പുറമേ പുരുഷന്മാർക്കായി മിസ്റ്റർ കൊച്ചിൻ ക്ലാസിക്ക് മത്സരവും ഗ്രാൻഡ് ഫിനാലെയുടെ ഭാഗമായി നടക്കും. മിസ് യൂണിവേഴ്സ് ഇന്ത്യയുടെ https://missuniverseindia.glamanand.com/ എന്ന വെബ്സൈറ്റുവഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. ട്രൈബൽ മേഖലയിലെ വനിതകളേയും മത്സരത്തിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നും ഇരുവരും പറഞ്ഞു.മോഡലിംഗ് ആഗ്രഹിച്ചെത്തുന്ന പെൺകുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കി മികച്ച ഗ്രൂമിംഗ് ലഭ്യാക്കാൻ ലക്ഷ്യമിട്ട് 2024 മാർച്ചിൽ ആരംഭിച്ച സംഘടനയാണ് ത്രീ സെക്കൻഡ്സ് ഗ്രൂപ്പ്. മിസ് യൂണിവേഴ്സിലേക്കുള്ള പ്രാഥമിക മത്സരങ്ങളാണ് ത്രീ സെക്കൻഡ്സ് ഗ്രൂപ്പ് സംഘടിപ്പിക്കുന്നത്. നിലവിൽ തിരുവനന്തപുരത്തും കൊല്ലത്തും ഫാഷൻ ഷോകൾ സംഘടിപ്പിച്ചു. കൊച്ചിക്ക് ശേഷം കോഴിക്കോടും അതുകഴിഞ്ഞ് കർണാടകയിലും ഫാഷൻ ഷോ സംഘടിപ്പിക്കുന്നുണ്ടെന്നും സംഘാടകർ പറഞ്ഞു. ഫോൺ: 8111813783. ഷോ ഡയറക്ടർമാരായ സ്റ്റെഫി മാത്യു, ഡോ.മിതുല, മിസ് യൂണിവേഴ്സ് തിരുവനന്തപുരം വിജയി കല്യാണി അജിത്, മിസ് യൂണിവേഴ്സ് കൊല്ലം വിജയി ഗായത്രി ഗോവിന്ദരാജ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# ഉത്കർഷ് ബാങ്ക് കോട്ടയത്ത് പുതിയ ഔട്ട് ലെറ്റ് തുറന്നു

**കൊച്ചി:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് കോട്ടയത്ത് പുതിയ ഔട്ട്ലൈറ്റ് തുറന്നു. ഇതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം 11 ആയി ഉയർന്നു. രാജ്യത്തുടനീളം 26 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 991 ബാങ്കിങ് ഔട്ട്ലെറ്റുകളിലും ബാങ്ക് എത്തി. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്കിന് കഴിയും. ഉയർന്ന സാക്ഷരതക്കും ഊർജസ്വലമായ സാംസ്കാരിക പൈതൃകത്തിനും പേരുകേട്ട കേരളത്തിൽ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ സമർപ്പണമാണ് കോട്ടയത്തെ ഞങ്ങളുടെ പുതിയ ഔട്ട്ലെറ്റിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു.



# വർമ്മ ഹോംസിന്റെ ഭാനുഭവൻ ബൈ വർമ്മ

**കൊച്ചി:** വർമ്മ ഹോംസിന്റെ ഏറ്റവും പുതിയ പ്രൊജക്ടായ ഭാനുഭവൻ ബൈ വർമ്മയുടെ കല്ലിടീൽ  തൃപ്പൂണിത്തുറ വടക്കേകോട്ടയിലുള്ള പ്രൊജക്ട് സൈറ്റിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിച്ചു. ചടങ്ങിൽ കമ്പനി മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, ഓപ്പറേഷൻസ് മാനേജർ വൈശാഖ് വർമ്മ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ, വാർഡ് കൗൺസിലർ സാവിത്രി നരസിംഹ റാവു, സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു

# കളറിംഗ് വർക്ക്ഷോപ്പ്

കൊച്ചി: കേരള ലളിതകലാ അക്കാദമി അയ്യന്തോൾ കോസ്റ്റ് ഫോർഡിലെ സ്ത്രീ ശക്തികേന്ദ്രയുമായി സഹകരിച്ച് ഡിസംബർ 2, 3, 4 തീയതികളിൽ അയ്യന്തോൾ കോസ്റ്റ് ഫോർഡിൽ സ്ത്രീകൾക്ക് വേണ്ടി 'കെട്ടുചായം' ബാന്ദ്നി ആന്റ് ഷിബോരി ടെക്സ്റ്റൈൽ കളറിംഗ് വർക്ക്ഷോപ്പ്' സംഘടിപ്പിക്കുന്നു.  ഡിസംബർ 2ന് രാവിലെ 10 മണിക്ക് കേരള ലളിതകലാ അക്കാദമി സെക്രട്ടറി ബാലമുരളീകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. കോസ്റ്റ് ഫോർഡ് ഡയറക്ടർ ഡോ. എം.എൻ. സുധാകരൻ ആശംസകൾ അർപ്പിക്കും. സ്ത്രീശക്തി കേന്ദ്ര പ്രസിഡന്റ് ഡോ. ഡി. ഷീല സ്വാഗതവും സെക്രട്ടറി രാജേശ്വരി മേനോൻ കൃതജ്ഞതയും രേഖപ്പെടുത്തും. കലാകാരരായ ഉസ്മാൻ പക്കത്ത്, ആവണി എം. എന്നിവരാണ് വർക്ക്ഷോപ്പ് നയിക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com